# സൂചിയോളമേയുള്ളൂവെങ്കിലും വഞ്ചന വഞ്ചന തന്നെ

عن اَبِى سَعِيد الخُدْرى رضى الله عنه أنَّ النَّبِىَّ ﷺ قَالَ: لِكُلِّ غَادِرٍ لِوَاءٌ يَوْمَ القِيَامَةِ يُرْفَعُ لَهُ بِقَدْرِ غَدْرِهِ. اَلَا وَلَا غَادِرَ اَعْظَمُ غَدْرًا مِنْ أَمِيرِ عَامَّةٍ (مسلم)

അബൂ സഈദിൽ ഖുദ്‌രി(റ)യിൽ നിന്ന്: നബി(സ) പറഞ്ഞു: “എല്ലാ വഞ്ചകർക്കും അന്ത്യനാളിൽ ഓരോ പതാക നാട്ടപ്പെടും. വഞ്ചനയുടെ തോതനുസരിച്ചായിരിക്കും ഈ പതാക ഉയർത്തപ്പെടുക. അറിയുക, ജനങ്ങളുടെ കാര്യങ്ങളേറ്റെടുത്ത ഒരു ഭരണാധികാരിയുടെ വഞ്ചനയേക്കാൾ കൊടിയ വഞ്ചന വേറെയില്ല തന്നെ” (മുസ്‌ലിം-1378).

വിവിധ രൂപേണ ചതിയും വഞ്ചനയും നാട്ടിൽ വ്യാപകമാണിന്ന്. അമിത ലാഭം മോഹിച്ച് ആഹാര സാധനങ്ങളിൽ മായം ചേർക്കൽ മുതൽ വിളകൾ പുഷ്ടിപ്പെടാനും പാകമാവാനും പഴുക്കാനും നടത്തുന്ന വിവിധ തരം വിഷപ്രയോഗങ്ങൾ വരെ. വ്യക്തിതലം മുതൽ രാഷ്ട്രതലം വരെ, ഉദ്യോഗസ്ഥ തലം മുതൽ ഭരണ സിരാകേന്ദ്രം വരെ സാർവത്രികമായിക്കഴിഞ്ഞ വിശ്വാസ വഞ്ചനയുടെയും വാഗ്ദാന ലംഘനങ്ങളുടെയും എത്രയെത്ര കഥകളാണ് അനുദിനം കേൾക്കേണ്ടിവരുന്നത്! ജനങ്ങളെ സേവിക്കാൻ നിയുക്തരായ ഉദ്യോഗസ്ഥർ അവരെ നട്ടംതിരിക്കുന്നതും, ‘കിമ്പളം’ ലഭിച്ചെങ്കിൽ മാത്രം ആവശ്യം പൂർത്തീകരിച്ചുകൊടുക്കുന്നതും സർവ സാധാരണമായിരിക്കുന്നു. സ്വന്തം സ്ഥാനത്തെയും പദവിയെയുമെന്നപോലെ ജനങ്ങളെയും തങ്ങളെ നിയമിച്ച സർക്കാറിനെയും വഞ്ചിക്കലാണിത്.

ജനവഞ്ചകർ ആരായാലും വഞ്ചനയുടെ തോതും കനവും ഗൗരവവുമനുസരിച്ചിരിക്കും അല്ലാഹുവിന്റെ കോടതിയിൽ അതിനുള്ള ശിക്ഷ എന്നാണ് പ്രകൃത നബിവചനം ഓർമിപ്പിക്കുന്നത്. ‘ഭരണാധികാരിയുടെ വഞ്ചനയേക്കാൾ കൊടിയ വഞ്ചന വേറെയില്ല തന്നെ’ എന്ന വചനത്തിൽ നിന്ന് ഭരണാധികാരിക്ക് ലഭിക്കാനിരിക്കുന്ന ശിക്ഷ എത്ര ഭയങ്കരവും അപമാനകരവുമായിരിക്കുമെന്ന് ഊഹിക്കാം.

ഔദ്യോഗിക ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്തതാണെന്ന് പറഞ്ഞ് കൈക്കൂലിയും മറ്റ് പാരിതോഷികങ്ങളും കൈപ്പറ്റുന്നവരുണ്ട്. അത്തരം ധനം നിഷിദ്ധമായതും ബർകത്ത് ഇല്ലാത്തതുമാണ്. സകാത്ത് ശേഖരിക്കാനായി റസൂൽ(സ) നിയോഗിച്ച ഒരുദ്യോഗസ്ഥൻ സകാത്തിനൊപ്പം തനിക്കുള്ള പാരിതോഷികവും കൈപ്പറ്റിയതിനെ നിശിതമായി ചോദ്യം ചെയ്യുന്ന ദീർഘമായ ഹദീസ് *സ്വഹീഹുൽ ബുഖാരി*യിലുണ്ട്. പാരിതോഷികം കൈപ്പറ്റിയ സ്വഹാബിയെ റസൂൽ(സ) തെറ്റ് ബോധ്യപ്പെടുത്തി. എന്നിട്ടും സംതൃപ്തിയാവാതെ സ്വഹാബികളെയെല്ലാം പള്ളിയിൽ വിളിച്ചുകൂട്ടി അതിന്റെ ഗൗരവം റസൂൽ ഇങ്ങനെ വ്യക്തമാക്കി... “അല്ലാഹു എനിക്ക് അധികാരം നൽകിയ ജോലികളിൽ വല്ലതിലും നിങ്ങളിൽപെട്ട ഒരാളെ ഞാൻ ചുമതല ഏൽപിക്കുന്നു. എന്നിട്ട് അയാൾ വന്ന് പറയുകയാണ്. ‘ഇത് നിങ്ങൾക്കുള്ള പണമാണ്; മറ്റേത് എനിക്ക് കിട്ടിയ സമ്മാനവും’ എന്ന്. അയാൾ പറയുന്നത് സത്യമാണെങ്കിൽ അയാൾക്ക് തന്റെ മാതാപിതാക്കളോടൊപ്പം വീട്ടിൽ ഇരുന്നാൽ മതിയായിരുന്നില്ലേ? സമ്മാനം അവിടെ എത്തുമായിരുന്നല്ലോ! അല്ലാഹുവാണ സത്യം, തനിക്ക് അവകാശപ്പെടാത്തതെന്തും അതിൽ നിന്നെടുക്കുന്നവൻ അത് പേറിക്കൊണ്ടല്ലാതെ പുനരുത്ഥാനനാളിൽ അല്ലാഹുവെ കണ്ടുമുട്ടുകയില്ല” (ബുഖാരി).

അദിയ്യുബ്നു ഉമൈറത്തിൽ കിൻദിയ്യി(റ) റിപ്പോർട്ട് ചെയ്യുന്നു: നബി (സ) പറയുന്നത് ഞാൻ കേട്ടു: “നാം നിങ്ങളിൽ ആരെയെങ്കിലും വല്ല ഉത്തരവാദിത്തവും ഏൽപിക്കുകയും എന്നിട്ടവൻ സൂചിയോ അതേക്കാൾ നിസ്സാരമോ ആയ വല്ലതും മറച്ചു വെയ്ക്കുകയും (അത് ലഭിച്ചതെങ്ങനെ എന്ന് നമ്മെ അറിയിക്കാതിരിക്കുകയും) ചെയ്താൽ അത് വഞ്ചനയാണ്. അവൻ പുനരുത്ഥാന നാളിൽ അതുമായി വരുന്നതാണ്” (മുസ്‌ലിം). ഒരു സൂചിയുടെ അഴിമതി പോലും ദൈവിക കോടതിയിൽ ഗൗരവതരമായ വഞ്ചനയായി വിചാരണ ചെയ്യപ്പെടുമെങ്കിൽ വലിയ വലിയ അഴിമതിക്കാരുടെ വിചാരണയുടെയും ശിക്ഷയുടെയും കാഠിന്യം എന്തു മാത്രമായിരിക്കും!

അബൂഹുറയ്റ(റ)യിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട ഒരു നബി വചനം ഇപ്രകാരമാണ്: “...പുനരുത്ഥാന നാളിൽ (അന്യരെ വഞ്ചിച്ചും അഴിമതി നടത്തിയും കൈവശപ്പെടുത്തിയ) സ്വർണവും വെള്ളിയുമായി വരുന്ന ആരെയും നിങ്ങളുടെ കൂട്ടത്തിൽ ഞാൻ കാണാതിരിക്കട്ടെ. അവിടെ വെച്ചു അവൻ പറയും: ‘അല്ലാഹുവിന്റെ പ്രവാചകരേ, (ശിക്ഷിക്കപ്പെടാതിരിക്കാൻ) എന്നെ സഹായിച്ചാലും!’ അപ്പോൾ ഞാൻ പറയും: ‘നിനക്ക് വേണ്ടി ഒന്നും ചെയ്തുതരാൻ ഇന്ന് എനിക്ക് സാധ്യമല്ല. (വഞ്ചന അരുതെന്നും, അവിഹിതമായും അന്യായമായും അക്രമമായും ധനം സമ്പാദിക്കരുതെന്നുമുള്ള) സന്ദേശം ഞാൻ നിനക്ക് എത്തിച്ചു തന്നിട്ടുള്ളതാണല്ലോ” (മുസ്‌ലിം).

ജീവിതത്തിന്റെ ഏതു മേഖലയിൽ പ്രവർത്തിക്കുന്നവരും ഇടപെടുന്നവരും വഞ്ചനയെന്ന കൊടിയ കുറ്റത്തിലകപ്പെടുന്നത് കരുതിയിരിക്കണം എന്നാണ് ഉപരിസൂചിത വചനം വിളിച്ചോതുന്നത്. ■